കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എറാമല ഗ്രാമപഞ്ചായത്ത്- മത്സ്യ മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 1,35,00,000/-(ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ) വായ്പയെടുക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 2830/14/തസ്വഭവ തിരുവനന്തപുരം, തീയതി : 31.10.2014.

പരാമർശം - 1.സ.ഉ.(എം.എസ്)നം.147/2009/തസ്വഭവ തീയതി 29/07/2009.
2.കെ.യു.ആർ.ഡി.എഫ്.സി.മാനേജിംഗ് ഡയറക്ടറുടെ 15/07/14-ലെ കെ.യു.ആർ.ഡി.എഫ്.സി/ജി.പി/13 നമ്പർ കത്ത്.
3. ഏറാമല ഗ്രാമപഞ്ചായത്തിന്റെ 21/04/14-ലെ 33/14 -ാം നമ്പർ തീരുമാനം.
4. ഏറാമല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03/07/14 -ലെ എ 3/4126/14 നമ്പർ കത്ത്.
5. പഞ്ചായത്ത് ഡയറക്ടറുടെ 01/08/2014- ലെ എഫ്3-28681/14 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിൽ മത്സ്യമാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് 1,35,00,000/-(ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ) കെ.യു.ആർ.ഡി.എഫ്.സി -യിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (4) പ്രകാരം ഏറാമല ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരുന്നു. ആയത് പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമായി 1,35,00,000/-(ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ) അനുവദിക്കുന്നതിനുള്ള സമ്മതപത്രം പരാമർശം (2) പ്രകാരം കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏറാമല ഗ്രാമപഞ്ചായത്തിൽ മത്സ്യമാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും 12% പലിശ നിരക്കിൽ 1,35,00,000/-(ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ) വായ്പ എടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം ഏറാമല ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സി. വത്സല
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
സെക്രട്ടറി,ഏറാമല ഗ്രാമപഞ്ചായത്ത്, കോഴിക്കോട്.
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി. തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ